# STD - V

## അദ്ധ്യാപക സഹായി

## പാഠം - എട്ട്    സത്യത്തിന്റെ പാതയിൽ  ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവം നമുക്ക് ദാനമായി നൽകിയ ഭൂമിയേയും അതിലെ ജീവജാലങ്ങളെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണം. ഞാൻ പ്രകൃതിയെ സ്നേഹിക്കും. പരസ്പരം സ്നേഹത്തിലും, സമത്വത്തിലും നീതിയുലും ദയയിലും ജീവിക്കും.

### പഠനസഹായികൾ

* മനുഷ്യന്റെ സ്വാർത്ഥതമൂലം സംഭവിക്കുന്ന പ്രകൃതിദുരന്തങ്ങളുടെ (വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മാലിന്യപ്രശ്നങ്ങൾ - ചിത്രങ്ങൾ - പേപ്പർ കട്ടിംഗ്സ്)
* വചനം - സങ്കീ. 67:6 (ഭൂമി അതിന്റെ വിളവ് നൽകി നമ്മുടെ ദൈവം നമ്മെ അനുഗ്രഹിച്ചു)
* കളഞ്ഞുകിട്ടിയ പണം തിരികെ ഉടമസ്ഥന് ഏൽപ്പിക്കുന്ന പത്രവാർത്ത
* പ്രകൃതിയുടെ മനോഹാരിത സൂചിപ്പിക്കുന്ന വീഡിയോ
* സത്യം പറയുന്ന ഡ്രം - Malayalam moral stories - Youtube

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം പ്രപഞ്ചത്തെ സുന്ദരമായി ക്രമീകരിച്ചിരിക്കുന്നു.
* എല്ലാ ജീവജാലങ്ങളുടെയും ഉടമസ്ഥൻ ദൈവമാണ്.
* ജീവജാലങ്ങൾ തമ്മിലുള്ള സഹവർത്തിത്തമാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനം
* പ്രകൃതിയെ കാത്തുസൂക്ഷിക്കാൻ മനുഷ്യന് കടമയുണ്ട്
* സ്രഷ്ടവസ്തുക്കൾ പരസ്പരം ആശ്രയിച്ചു  ജീവിക്കണം.
* നമുക്ക് ഹൃദയ പരമാർത്ഥതയോടെ വർത്തിക്കാം.

### പ്രാർത്ഥന

പ്രപഞ്ച സ്രഷ്ടാവായ ദൈവമേ, എല്ലാ ജീവജാലങ്ങളോടും ദയയോടും സ്നേഹത്തോടും കൂടി പെരുമാറാൻ ഞങ്ങളെ അനുഗ്രഹിക്കണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. എല്ലാ ജീവജാലങ്ങളുടെയും ഉടമസ്ഥൻ ആരാണ്?
2. പ്രപഞ്ചത്തിന്റെ ക്രമം തെറ്റുന്നതെങ്ങനെ?
3. ദൈവത്തിന്റെ ഉന്നത സൃഷ്ടിയേത്?
4. പ്രപഞ്ചത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം എന്താണ്?
5. ഹൃദയപരമാർത്ഥതയോടെ സത്യത്തിന്റെ പാതയിൽ ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന ഏതെങ്കിലും അഞ്ച് കാര്യങ്ങൾ എഴുതുക?

# STD - V

## അദ്ധ്യാപക സഹായി

## പാഠം - എട്ട് സത്യത്തിന്റെ പാതയിൽ ഭാഗം - രണ്ട്

### ലക്ഷ്യം

എപ്പോഴും സത്യത്തിന്റെ പാതയിൽ നിലനിന്നുകൊണ്ട് സ്രഷ്ടപ്രപഞ്ചത്തെ കാത്തു സംരക്ഷിക്കണം. ദൈവം സൃഷ്ടിച്ച എല്ലാ ജീവജാലങ്ങളെയും ഞാൻ സ്നേഹിക്കും. ഞാൻ എന്നും സത്യത്തിൽ നിലനിൽക്കും.

### പഠനസഹായികൾ

* പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള ഷോർട്ട് വീഡിയോ - യൂട്യൂബ്
* പ്രപഞ്ചസൃഷ്ടിയുടെ വീഡിയോ/ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം സൃഷ്ടിച്ച സുന്ദരമായ പ്രപഞ്ചത്തെ നശിപ്പിക്കരുത്.
* പ്രപഞ്ചത്തിന്റെ കാവൽക്കാരായ നാം അതിനെ സംരക്ഷിക്കുക
* സത്യസന്ധതയിൽ ദൈവം കൂടെയുണ്ടാകും.
* മറ്റുള്ളവരുടെ വസ്തുക്കൾ വിവേകപൂർവം കൈകാര്യം ചെയ്യുക
* സത്യം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്.
* സത്യത്തിന്റെ ഉറവിടം ദൈവമാണ്.
* ദൈവകൽപനകളോടും ഉടമ്പടികളോടും വിശ്വസ്തത പുലർത്തണം
* സത്യത്തിന്റെ പാതയിൽ നിന്നും ഒരിക്കലും വ്യതിചലിക്കാതിരിക്കുക
* സങ്കീർത്തനം 15 (നീതിയുടെ മാനദണ്ഡം)

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, നിഷ്കളങ്കമായി ജീവിക്കുവാനും നന്മ മാത്രം പ്രവർത്തിക്കാനുമുള്ള കൃപനൽകി അനുഗ്രഹിക്കണമേ. പരിസ്ഥിതിയെ സംരക്ഷിക്കുവാനുള്ള ധാർമ്മികബോധം ഞങ്ങൾക്ക് നൽകണമേ, ആമ്മേൻ.

## ചോദ്യങ്ങൾ

1. പ്രപഞ്ചത്തിന്റെ 'കാവൽക്കാർ' ആരാണ്?
2. സത്യത്തിന്റെ പാതയിൽ വർത്തിക്കാൻ നാം എന്തു ചെയ്യണം??
3. പ്രകൃതിയെ നാം എങ്ങനെ സംരക്ഷിക്കണം?
4. ജീവജാലങ്ങൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു?
5. ദൈവം സൃഷ്ടിച്ച എല്ലാ ജീവജാലങ്ങളോടും കൂടെ നാം എങ്ങനെയാണ് വർത്തിക്കേണ്ടത് - പാർക്കേണ്ടത്?